# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.130/PR/PIC/PHQ/18 Date : 27.05.2018

**ജെസ്നയുടെ തിരോധാനം പ്രത്യേക അന്വേഷണ സംഘം രൂപവത്കരിച്ചു.**

പത്തനംതിട്ട വെച്ചൂച്ചിറയിൽ ഇരുപതുവയസ്സുകാരിയായ ജെസ്ന മറിയ ജെയിംസിനെ കാണാതായതുമായി ബന്ധപ്പെട്ട് വെച്ചൂച്ചിറ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ . 201/2018 ആയി രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണത്തിന് ഐ ജി മനോജ് എബ്രഹാമിന്റെ മേൽനോട്ടത്തിൽ പതിനഞ്ചംഗ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ഉത്തരവായി. ജെസ്നയെ കണ്ടെത്തുന്നതിലേയ്ക്ക് നയിക്കുന്ന വിവരങ്ങൾ നൽകുന്നവർക്ക് അഞ്ച് ലക്ഷം രൂപയുടെ പാരിതോഷികവും സംസ്ഥാന പോലീസ് മേധാവി പ്രഖ്യാപിച്ചു.

പത്തനംതിട്ട ജില്ലാ പോലീസ് മേധാവി റ്റി.നാരായണൻ ഓപ്പറേഷണൽ ഹെഡ് ആയും തിരുവല്ല ഡിവൈ എസ് പി ആർ.ചന്ദ്രശേഖരപിള്ള ചീഫ് ഇൻവെസ്റ്റിഗേറ്റിങ് ഓഫീസറായും രൂപവത്ക്കരിച്ച പ്രത്യേക അന്വേഷണ സംഘത്തിൽ താഴെ പറയുന്നവർ അംഗങ്ങളാണ്.

ഇമാനുവേൽ പോൾ ( ഡിവൈ എസ് പി , കാഞ്ഞിരപ്പള്ളി), എൻ സി രാജ്മോഹൻ ( ഡിവൈ എസ് പി, കട്ടപ്പന), സാബു കെ എസ് (ഡിവൈ എസ് പി, ഒ സി ഡബ്ല്യു- I സബ്ബ് യൂണിറ്റ് പത്തനംതിട്ട ) ലാൽജി (എ സി പി , കൊച്ചി സിറ്റി) എം എസ് സന്തോഷ് ( എ സി പി , ക്രൈം ഡിറ്റാച്ച്മെന്റ്, തിരുവനന്തപുരം സിറ്റി) സേവ്യർ സെബാസ്റ്റ്യൻ ( ഡിവൈ എസ് പി, സി ബി സി ഐ ഡി. എച്ച് എച്ച് ഡബ്ല്യൂ II, സബ്ബ് യൂണിറ്റ് കോട്ടയം) എം ഐ ഷാജി ( സി ഐ പെരിനാട്) റ്റി രാജപ്പൻ ( സി ഐ തിരുവല്ല) അനന്തലാൽ( സി ഐ , സെൻട്രൽ, കൊച്ചി സിറ്റി), സുനിൽ കുമാർ ( സി ഐ എരുമേലി) ബാബു ഡേവിസ് ( ഡി ഐ, സി ബി സി ഐ ഡി , എച്ച് എച്ച് ഡബ്ല്യൂ II സബ്ബ് യൂണിറ്റ് എറണാകുളം) പ്രദീപ് കുമാർ (ഡി ഐ, സി ബി സി ഐ ഡി , എച്ച് എച്ച് ഡബ്യൂ II സബ്ബ് യൂണിറ്റ്, കോട്ടയം ) സി ദിനേശ് കുമാർ ( എസ് ഐ വെച്ചൂച്ചിറ).

കാഞ്ഞിരപ്പള്ളി സെന്റ് ഡൊമനിക് കോളേജിൽ രണ്ടാം വർഷ വിദ്യാർത്ഥിനിയായ ജെസ്നയെ 2018 മാർച്ച് 21 മുതൽ വെച്ചൂച്ചിറയിലെ വീട്ടിൽ നിന്നും കാണാതായതായി ലഭിച്ച പരാതിയെത്തുടർന്ന് വെച്ചൂച്ചിറ പോലീസ് എഫ് ഐ ആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുകയാണ്. ഇതുസംബന്ധിച്ച് വെച്ചൂച്ചിറ എസ് ഐ യുടേയും, തുടർന്ന് പെരുനാട് സി ഐ യുടേയും നേതൃത്വത്തിലാണ് തുടക്കത്തിൽ അന്വേഷണം നടത്തിയത്. കേരളത്തിന് അകത്തും പുറത്തും പത്ര പരസ്യം ഉൾപ്പെടെ നൽകിയിരുന്നു. തുടർന്ന് 2018 മേയ് മൂന്നിന് തിരുവല്ല ഡിവൈ എസ് പി

അന്വേഷണ ഉദ്യോഗസ്ഥനായി സൈബർ വിദഗ്ധരേയും വനിതാ ഇൻസ്പെക്ടർ ഉൾപ്പെടെ മൂന്ന് ഇൻസ്പെക്ടർമാരേയും ഉൾപ്പെടുത്തി പ്രത്യേക അന്വേഷണസംഘം പത്തനംതിട്ട എസ് പി രൂപവത്ക്കരിക്കുകയും ജെസ്നയെ കണ്ടെത്തുന്നതിലേയ്ക്ക് നയിക്കുന്ന വിവരങ്ങൾ നൽകുന്നവർക്ക് സംസ്ഥാന പോലീസ് മേധാവി രണ്ടു ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ഈ അന്വേഷണസംഘമാണ് ഇപ്പോൾ വിപുലീകരിച്ചത്.

ഉദ്ദേശം അഞ്ചരയടി ഉയരം വെളുത്തുമെലിഞ്ഞ ശരീരപ്രകൃതവും കണ്ണട ധരിച്ചതും പല്ലിൽ കമ്പി കെട്ടിയിട്ടുള്ളതും ചുരുണ്ട തലമുടിയുള്ളതുമായ ജെസ്ന കാണാതാകുന്ന സമയത്ത് കടുംപച്ച ടോപ്പും കറുത്ത ജീൻസുമാണ് ധരിച്ചിരുന്നത്.

ജെസ്നയെ സംബന്ധിച്ച വിവരങ്ങൾ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, തിരുവല്ല, പത്തനംതിട്ട, കേരളം എന്ന വിലാസത്തിലോ **9497990035** എന്ന ഫോൺ നമ്പരിലോ **dysptvllapta.pol@kerala.gov.in** എന്ന ഇമെയിലിലോ നൽകണമെന്ന് പത്തനംതിട്ട എസ് പി അഭ്യർത്ഥിച്ചു. വിവരങ്ങൾ നൽകുന്നയാളുടെ പേരും മറ്റ് വിശദാംശങ്ങളും രഹസ്യമായി സൂക്ഷിക്കുന്നതാണ്.

**************